# കേരള കാർഷിക സർവ്വകലാശാല

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.

## കാർഷിക നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളം

**E mail: kauagmet@yahoo.co.in, cohagmet@kau.in**

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 43/17, വെള്ളിയാഴ്ച്ച തീയ്യതി 27.10.2017

**അടുത്ത 5 ദിവസത്തേക്കു കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 28.10.2017 | 29.10.2017 | 30.10.2017 | 31.10.2017 | 01.11.2017 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 16 | 20 | 24 | 5 | 25 |
| ഉയർന്ന താപനില (°C ) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C ) | 24 | 24 | 24 | 24 | 24 |
| മേഘവ്യാപ്തി (ഒക്ട) | 7 | 8 | 8 | 6 | 8 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ ) | 14 | 14 | 14 | 14 | 14 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 270 | 270 | 90 | 270 | 250 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/ രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (ജ്യോതി, കാഞ്ചന) | ഓലചുരുട്ടിപ്പുഴു | മുണ്ടകൻ കൃഷി ആരംഭിച്ച നെൽപ്പാടങ്ങളിൽ ഓലചുരുട്ടിപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. ഫ്ളുബെൻ്റാമിഡ് (ഫെയിം) 2 മില്ലി 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| വാഴ | ഇലത്തീനിപ്പുഴു | വാഴയിൽ ഇലത്തീനിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം ബാധിച്ച വാഴയുടെ ഇലകൾ പുഴുവിനോട് കൂടി തന്നെ നശിപ്പിച്ച് കളയുക. ആക്രമണം അധികമായാൽ 2 മില്ലി ഫ്ളുബെൻ്റാമിഡ് (ഫെയിം) 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| പച്ചക്കറികൾ | ചൂർണ്ണ പൂപ്പ് | പച്ചക്കറികളിൽ ചൂർണ്ണ പൂപ്പ് രോഗം കാണുകയാണെങ്കിൽ ട്രൈക്കോഡർമ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലയുടെ ഇരുവശത്തും തളിക്കുക. വെള്ളരിവർഗ്ഗ പച്ചക്കറികളിൽ ടെബുകോണസോൾ 1.5 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ ബാവിസ്റ്റിൻ 1 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. വെള്ളരി വർഗ്ഗങ്ങൾ ഒഴികെയുള്ള പച്ചക്കറികളിൽ വെറ്റബിൾ സൾഫർ 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| | കന്നുകാലികളിലെ അകിടുവീക്കം തടയുന്നതിന് തൊഴുത്തിൽ ശുചിത്വം പാലിക്കേണ്ടതും കറവയ്ക്കു മുമ്പായി അകിടും കറവക്കാരന്റെ കൈകളും കഴുകേണ്ടതുമാണ്. (CAADECS, KVASU, Mannuthy) | |